# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**03.12.2015 ൽ മറുപടിക്ക്**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **1193**

## സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി നടപ്പാക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | പ്രീ പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിൽ കുട്ടി ഒന്നിന് സ്കൂൾ പ്രവൃത്തിദിവസം യഥാക്രമം 30 ഗ്രാം, 100 ഗ്രാം, 150 ഗ്രാം എന്നീ നിരക്കിൽ ഒരു മാസത്തേയ്ക്ക് ആവശ്യമായ അരി മുൻകൂറായി ബന്ധപ്പെട്ട മാവേലി സ്റ്റോർ മുഖേന സ്കൂളുകൾക്ക് നൽകി വരുന്നു. കുട്ടികൾക്ക് പോഷകപ്രദമായ ആഹാരം പാചകം ചെയ്തു നൽകുന്നതിനു കുട്ടി ഒന്നിനു സ്കൂൾ പ്രവൃത്തി ദിനത്തിന് 5/- രൂപ നിരക്കിൽ മുൻകൂറായി സ്കൂൾ പ്രഥമ അധ്യാപകർക്ക് നൽകുന്നു. കൂടാതെ ആഹാരം പാചകം ചെയ്ത് വിതരണം ചെയ്യുന്ന പാചക തൊഴിലാളികൾക്ക് സ്കൂൾ പ്രവൃത്തിദിനത്തിനു മിനിമം 350/- രൂപ മുതൽ പരമാവധി 400/- രൂപ വരെ സ്കൂൾ പ്രഥമ അധ്യാപകർക്ക് മുൻകൂറായി നൽകി വരുന്നു. |
| (ബി) | ഏതൊക്കെ വിഭവങ്ങളാണ് കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിനായി എത്ര തുക വീതമാണ് അനുവദിച്ച് നൽകുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | കുട്ടികളുടെ ശാരീരിക-മാനസിക വളർച്ചയ്ക്കും വികാസത്തിനും രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും ശാരീരിക പ്രവർത്തനങ്ങൾക്കാവശ്യമായ ഊർജ്ജം പ്രദാനം ചെയ്യുന്നതിനും ഉതകുന്ന തരത്തിൽ എല്ലാ പോഷകഘടകങ്ങളും ആവശ്യമായ അളവിലും അനുപാതത്തിലും കിട്ടത്തക്കവിധത്തിൽ പ്രാദേശിക സാഹചര്യവും കൂടി കണക്കിലെടുത്ത് വൈവിധ്യമായ ഭക്ഷണം പ്രതിദിനം നിശ്ചയിക്കുവാൻ അതത് സ്കൂൾ നൂൺമീൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട് കുട്ടി ഒന്നിന് പ്രതിദിനം 5/- രൂപ നിരക്കിൽ തുകയും അനുവദിച്ച് നൽകുന്നു. |
| (സി) | ഏതു ക്ലാസ് വരെയുള്ള കുട്ടികളെയാണ് ഉച്ചഭക്ഷണം ലഭിക്കുന്നതിന് അർഹരായവരായി ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത പദ്ധതിക്കുള്ള കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്ര വീതമെന്നും വെളിപ്പെടുത്തുമോ; | (സി) | കേന്ദ്ര മാനദണ്ഡപ്രകാരം സർക്കാർ/ എയിഡഡ് മേഖലയിലെ 1 മുതൽ 8-ാം ക്ലാസ് വരെയുള്ള കുട്ടികൾ പദ്ധതിയിൽപ്പെടുന്നു. സംസ്ഥാനത്ത് സർക്കാർ/ എയ്ഡഡ് മേഖലയിലെ പ്രീപ്രൈമറി മുതൽ 8-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകിവരുന്നു.<br>ഉച്ചഭക്ഷണവിതരണത്തിനു കേന്ദ്ര സർക്കാർ |

താഴെപ്പറയും പ്രകാരം വിഹിതം അനുവദിച്ച നൽകുന്നു.

ഉച്ചഭക്ഷണത്തിനു കുട്ടികളുടെ എണ്ണത്തിനു ആനുപാതികമായ അരിയും ആയതിനുള്ള വിലയും (മെട്രിക് ടണ്ണിനു 5650/- രൂപ) എഫ്.സി.ഐ യിൽ നിന്നും അരി ലിഫ്റ്റ് ചെയ്യുന്നതിനു കടത്തുകൂലിയായി മെട്രിക് ടണ്ണിനു 750/- രൂപയും കുട്ടികൾക്ക് പോഷകപ്രദമായ ആഹാരം നൽകുന്നതിനു (പച്ചക്കറി, പലവ്യഞ്ജനം, എണ്ണ, വിറക് മുതലായവ) പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം കുട്ടികൾക്ക് യഥാക്രമം 2.82/- രൂപ, 4.23/- രൂപ നിരക്കിൽ അനുവദിക്കുന്നു. സ്കൂൾ പാചക തൊഴിലാളികൾക്ക് മാസം 750/- രൂപയും പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിനു അരിയുടെവില, കടത്തുകൂലി, കണ്ടിജന്റ് ചാർജ്ജ്, പാചക തൊഴിലാളികളുടെ വേതനം എന്നിവയുടെ ആകെ തുകയുടെ 1.8% തുകയും അനുവദിച്ച നൽകുന്നു.

സംസ്ഥാനം അരിയുടെ കടത്തുകൂലിയായി കേന്ദ്രവിഹിതം കൂടാതെ മെട്രിക് ടണ്ണിനു 1400/- രൂപയും കണ്ടിജന്റ് ചാർജ് ഇനത്തിൽ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിനു കുട്ടി ഒന്നിനു യഥാക്രമം 2.18/- രൂപ, 77 പൈസ എന്നീ നിരക്കിൽ അനുവദിക്കുകയും സ്കൂൾ പാചക തൊഴിലാഴികൾക്ക് സ്കൂൾ പ്രവൃത്തിദിവസം മിനിമം 350/- രൂപ മുതൽ പരമാവധി 400/- രൂപ നിരക്കിലും വേതനം നൽകി വരുന്നു.

(ഡി) ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനായി എത്ര തുക വീതമാണ് സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള തെന്നും തികയാതെ വരുന്ന തുക ഏതു രീതിയിൽ കണ്ടെത്താനാണ് സ്കൂളുകൾക്ക് അനുവാദം നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

(ഡി) 150 കുട്ടികൾവരെയുള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 5/- രൂപയും 350/- രൂപ പാചകകൂലിയും 151 മുതൽ 500 വരെ കുട്ടികളുള്ള സ്കൂളുകളിൽ പ്രതിദിനം കുട്ടിയൊന്നിന് 6/- രൂപ (പാചക കൂലി ഉൾപ്പടെ) 501 നു മുകളിൽ വരുന്ന സ്കൂളുകളിൽ ഓരോ കുട്ടിക്കും പ്രതിദിനം 5/- രൂപ വീതവും (പാചക കൂലി ഉൾപ്പടെ) എന്ന നിരക്കിൽ നിലവിൽ പ്രവർത്തി ദിവസം സ്കൂളുകൾക്ക് അനുവദിച്ച നൽകുന്നു. ടി തുക തികയാതെ വരുന്ന പക്ഷം അടുത്ത ഗഡുക്കളായി വീണ്ടും ഇതേ രീതിയിൽ തുക അനുവദിച്ച നൽകുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ